# മാടായി സൗത്ത് എൽ.പി.സ്കൂൾ

## സമഗ്ര ഗുണമേന്മ വർഷം 2025–26

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**മാടായി സൗത്ത് എൽ.പി.സ്കൂൾ**

**പി.ഒ.മാടായി (R.S)**

സ്ഥാപിതം : 1929
മാടായി ഉപജില്ല
തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല

# വിദ്യാലയ വികസനത്തിന് അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മാടായി സൗത്ത് എൽ.പി സ്കൂൾ |
| ഉപജില്ല | : | മാടായി |
| വിദ്യാഭ്യാസ ജില്ല | : | തളിപ്പറമ്പ് |
| ബി.ആർ.സി | : | മാടായി |
| സ്ഥാപിതം | : | 1929 |

## ആമുഖം

1929 ൽ ശ്രീ കുണ്ടൻ രാമൻ മാസ്റ്റർ സ്ഥാപിച്ച വിദ്യാലയമാണ് മാടായി സൗത്ത് എൽ. പി സ്കൂൾ. സ്വാതന്ത്ര്യ സമരത്തോടൊപ്പം വിദ്യാഭ്യാസവും എന്ന ലക്ഷ്യത്തെ മുൻനിർത്തി സ്ഥാപിതമായ ഈ വിദ്യാലയത്തിന് ഒട്ടേറെ പ്രഗൽഭന്മാരെ സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ട്. മാടായി പഞ്ചായത്തിലെ എട്ടാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഇന്നും പഴമയുടെ പ്രൗഢി ഒട്ടും ചോർന്നു പോകാതെ മാടായി ഗ്രാമത്തിന്റെ ഒരു കെടാവിളക്കായി ഈ വിദ്യാലയം ശോഭിക്കുന്നു. മുഴുവൻ ക്ലാസ്സ് മുറികളും ടൈൽസ് ഇട്ട് വൃത്തിയും മനോഹരവുമായതാണ്. ബസ്സ്റ്റോപ്പ് വളരെ അടുത്തായതിനാൽ വാഹനസൗകര്യവും ഉണ്ട്. പ്രീ പ്രൈമറി ക്ലാസുകളും പ്രവർത്തിച്ചുവരുന്നു.

2024-25 വർഷത്തിൽ ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകളിലായി 46 കുട്ടികൾ പഠനം നടക്കുന്നു. ആറ് അധ്യാപകരാണ് ഇവിടെ ഉള്ളത്. അറബിക് അധ്യാപികയും ഉണ്ട്. സാധാരണക്കാരിലും സാധാരണക്കാരായ കുട്ടികളാണ് ഇവിടെ ഭൂരിഭാഗവും പഠിക്കുന്നത്. ഇതര സംസ്ഥാനക്കാരായ കുട്ടികളും ഇവിടെ പഠനം നടത്തുന്നു. പല മേഖലകളിലും ഉള്ള ഭൗതിക സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ സ്കൂൾ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണം പോഷക ഗുണങ്ങൾ ഉറപ്പുവരുത്തി നൽകുന്നു. എല്ലാ ദിവസവും പ്രഭാത ഭക്ഷണം എല്ലാ കുട്ടികൾക്കും നൽകുന്നുണ്ട്. കഴിഞ്ഞവർഷം ശാസ്ത്രമേളകളിലും കലാമേളയിലും, അറബിക് കലോത്സവത്തിലും മികച്ച നിലവാരം പുലർത്തിയിട്ടുണ്ട്. ഇനിയും ഒരുപാട് ഉയരങ്ങളിലേക്ക് പോകാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

## പൊതു ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരുമാക്കി മാറ്റൽ
2. കുട്ടികളിലെ ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
3. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കൽ
4. നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളിലൂടെ ഗണിതം രസകരമാക്കൽ
5. വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തൽ
6. അധ്യാപക ശാക്തീകരണം
7. കലാ കായിക ശാസ്ത്ര പ്രവൃത്തി പരിചയമേളകളിൽ മികച്ച പങ്കാളിത്തം
8. പഠന പ്രവർത്തനങ്ങളിൽ ഐ.സി.ടി സാധ്യതകൾ പരമാവധി ഉപയോഗിക്കൽ
9. വിദ്യാർത്ഥികളിൽ സാമൂഹികാവബോധം വളർത്തിയെടുക്കൽ
10. മാനസിക ശാരീരിക ഉല്ലാസത്തിന് സുംബാ പരിശീലനം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | I-V | 1. ചിഹ്നം ചേർത്ത് കഥ പൂർത്തിയാക്കൽ<br>2. അക്ഷരകാർഡ് നൽകൽ<br>3. വാക്യ കാർഡ് നൽകൽ<br>4. ചിത്രം നോക്കി കഥ പറയൽ<br>5. ചിത്രം നോക്കി കഥ എഴുതൽ<br>6. കഥ പൂർത്തിയാക്കൽ<br>7. കഥാ പുസ്തകം നൽകൽ<br>8. അക്ഷര ചിത്രങ്ങൾ വരക്കൽ<br>9. നല്ല വായന കേൾക്കാൻ അവസരമുണ്ടാക്കുക<br>10. ഇതര സംസ്ഥാനക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ | 3 മാസം | ക്ലാസ്സ് ടീച്ചർ | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായന ക്കാരനാക്കുക | IV | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. പുസ്തക ചർച്ച<br>3. വായനാനുഭവം പങ്കുവയ്ക്കൽ<br>4. അറിഞ്ഞ് വായിക്കൽ<br>5. നല്ല വായന കേൾക്കാൻ അവസരമൊരുക്കൽ<br>6. അമ്മ വായന<br>7. വായനാ പതിപ്പ് തയ്യാറാക്കൽ<br>8. സാഹിത്യകാരൻമാരുമായുള്ള അഭിമുഖം<br>9. ബാലസഭ, ക്ലാസ്സ് സഭ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | 6 മാസം | ക്ലാസ് ടീച്ചർ<br>ഗ്രന്ഥശാല<br>M P T A | 5000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്ത് കാരനാക്കുക | II-V | 1. സംഘരചന, വ്യക്തിഗത രചന<br>2. വായനാകുറിപ്പ് തയ്യാറാക്കൽ<br>3. പതിപ്പ് തയ്യാറാക്കൽ<br>4. പൊതു വേദിയിൽ സംസാരിക്കാനുള്ള കഴിവ്<br>5. അടിക്കുറിപ്പ് മത്സരം<br>6. ക്ലാസ് ലൈബ്രറി<br>7. ചുമർ പത്രിക തയ്യാറാക്കൽ<br>8. ആസ്വാദന കുറിപ്പ് തയ്യാറാക്കൽ<br>9. എഴുത്ത് കൂട്ട രൂപീകരണം<br>10. നല്ലെഴുത്ത് | 6 മാസം | മുഴുവൻ അധ്യാപകർ<br>ഗ്രന്ഥശാല<br>M P T A | 2000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4. | ഗണിതം-നിത്യ ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളുടെ രസകരമാക്കൽ | III-V | 1. ഗണിത ശില്പശാല<br>2. ഗണിത ലാബ് നിർമ്മിക്കൽ<br>3. ഗണിത മാഗസിൻ<br>4. സംഖ്യാ കാർഡുകൾ<br>5. ബോർഡുകൾ<br>6. കമ്പ്യൂട്ടർ ഗെയിം<br>7. ഏണിയും പാമ്പും<br>8. മഞ്ചാടിക്കളി, ഈർക്കിൽ കളി, ടോക്കൺ കളി<br>9. ഗണിത അധ്യാപകരുമായി അനുഭവം പങ്കുവയ്ക്കൽ<br>10. വിദ്യാലയം മുഴുവൻ ഗണിത ആശയവുമായി ബന്ധപ്പെടുത്തൽ | 6 മാസം | ഗണിത അധ്യാപകർ<br>Class P T A | 5000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | III-V | 1. ലഘു പരീക്ഷണങ്ങൾ നടത്തൽ<br>2. ശാസ്ത്രമേളകൾ സന്ദർശിക്കൽ<br>3. ശാസ്ത്ര പ്രദർശനം<br>4. ശാസ്ത്ര ലാബുകൾ<br>5. പഠനയാത്രകൾ<br>6. ശാസ്ത്രകാരൻമാരുടെ ജീവചരിത്ര കുറിപ്പ് വായിക്കൽ<br>7. ശാസ്ത്ര മാസികകൾ തയ്യാറാക്കൽ<br>8. ശാസ്ത്ര വിദഗ്ധൻമാരുടെ ക്ലാസ്സുകൾ<br>9. ക്വിസ്സ് മത്സരങ്ങൾ<br>10.ശാസ്ത്ര നാടകം | 1 വർഷം | ശാസ്ത്ര അധ്യാപകർ<br>ലാബ് | 3000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 6. | അധ്യാപക ശാക്തീകരണം | എല്ലാ അധ്യാ പകർക്കും | 1. വിദഗ്ധരുടെ ക്ലാസ്സുകൾ<br>2. മികവ് തെളിയിച്ച വിദ്യാലയം സന്ദർശിക്കൽ, പ്രവർത്തനങ്ങളെക്കു റിച്ച് മനസ്സിലാക്കൽ<br>3. മികച്ച SRG<br>4. ചർച്ചകൾ<br>5. സ്വീകരിക്കാവുന്ന പ്രവർത്തന മാതൃ കകൾ<br>6. യോഗാ ക്ലാസുകൾ | എല്ലാ വർഷവും | കോർഡിനേ റ്റർ HM | 3000 |
| 7. | കലാ കായിക ശാസ്ത്ര മേളകളിൽ മികച്ച പങ്കാ ളിത്തം വിജയം | കഴിവ് തെളി യിച്ച കുട്ടികൾ | 1. കുട്ടികളുടെ തെരഞ്ഞെടുപ്പ്<br>2. പ്രത്യേക പരിശീലനങ്ങൾ<br>3. സ്കൂൾ തല മേളകൾ | 6 മാസം | അധ്യാപകർ പി.ടി.എ | 3000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 8. | LSS പരീക്ഷയിൽ ഉയർന്ന വിജയം നേടുക | IV | 1. പ്രത്യേക പരിശീലനങ്ങൾ<br>2. വിദഗ്ധരുടെ സേവനങ്ങൾ<br>3. മാതൃകാ പരീക്ഷകൾ<br>4. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്<br>5. മികച്ച റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ | 6 മാസം | നാലാം തരത്തിലെ അധ്യാപകർ | |
| 9. | നാലാം തരത്തിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ നേടാനുള്ള കഴിവ് നേടൽ | IV | 1. കാർഡുകൾ ഉപയോഗിച്ചുള്ള വിവിധ കളികൾ<br>2. ഗണിത ക്വിസ്<br>3. വിവിധ ഗണിത രൂപങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം<br>4. ഗണിത ചാർട്ട്<br>5. ഗണിതവുമായി ബന്ധപ്പെട്ട വിവിധ പുസ്തകങ്ങൾ പരിചയപ്പെടൽ | 1 വർഷം | ഗണിത അധ്യാപകർ,<br>P T A,<br>SRG | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 10. | വിദ്യാർത്ഥികളിൽ സാമൂഹികാവബോധം വളർത്തിയെടുക്കൽ | III-V | 1. പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ<br>2. വ്യക്തിത്വ വികസന ക്ലാസ്സ്<br>3. ഗൃഹ സന്ദർശന പരിപാടികൾ<br>4. വ്യക്തിശുചിത്വം, പരിസര ശുചിത്വം<br>5. പ്ലാസ്റ്റിക് നിർമാർജനം<br>6. ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ<br>7. ശുചിത്വ ക്ലാസ്സുകൾ<br>8. സി.ഡി പ്രദർശനം<br>9. ഫീൽഡ് ട്രിപ്പ്<br>10. പ്രഗത്ഭരുടെ ജീവ ചരിത്രങ്ങൾ വായിക്കൽ | 1 വർഷം | അധ്യാപകർ, രക്ഷിതാക്കൾ | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 11. | മേഖല English<br>കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക | I-V | 1. Picture Reading<br>2. Story Presentation<br>3. English Corner<br>4. Skit Rhymes<br>5. Story Books<br>6. English Assambly<br>7. English Fest<br>8. English ബാലസഭ<br>9. വിദഗ്ധരുടെ English Class | 1 Year | Teachers<br>BRC<br>DIET | 5000 |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 12. | കായിക ക്ഷമത കുട്ടികൾക്ക് | I-V | 1. സുംബാ പരിശീലനം<br>2. യോഗാ പരിശീലനം<br>3. സൈക്കിൾ പരിശീലനം<br>4. നീന്തൽ പരിശീലനം | 1 വർഷം | അധ്യാപകർ | |
| 13. | പഠനോത്സവം | I-V | 1. ക്ലാസ് തല പഠനോത്സവം<br>2. സ്കൂൾ തല പഠനോത്സവം<br>3. പൊതുയിട പഠനോത്സവം | 1 വർഷം | അധ്യാപകർ,<br>പി.ടി.എ,<br>പൊതു പ്രവർത്തകർ | |